# മോസ്കോവിൽ ഒരു ഫുട്ബാൾ മത്സരം

## റഷ്യക്കാർ പോളിററിക്സിൽ വിമുഖരാണ്, സ്പോർട്സാണ് അവരുടെ ഏററവും വലിയ കമ്പം

### എൻ. വി. കൃഷ്ണവാരിയർ

**1967** ആഗസ്റ്റ് 11–ാംനു വൈകുന്നേരം. ആറരമണിയാവുമ്പോഴും മോസ്കോവിൽ സൂര്യൻ അസ്തമിച്ചിരുന്നില്ല. വിശാലമായ ലെനിൻ സ്റ്റേഡിയത്തിലെ കടുംപച്ച പുൽമൈതാനവും ചുററുമുള്ള ഗാലറികളും വെയിലിൽ കുളിച്ചു കിടക്കുകയാണ്. പല വാഹനങ്ങളിലായി പതിനായിരക്കണക്കിന്ന് ജനങ്ങൾ സ്റ്റേഡിയത്തിലേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുന്നു. സ്റ്റേഡിയത്തിനകത്ത് പുൽപ്പരപ്പിൽ ചുകന്നതും വെളുത്തതുമായ പന്തുകളിട്ട് കളിക്കാർ പരിശീലനം നടത്തിക്കൊണ്ടിരിക്കുന്നു. ഉയർന്നു പോകുന്ന ഗാലറികളിൽ ആളുകൾ ഇരുന്ന് ബിയർ, ക്വാസ് മുതലായ പാനീയങ്ങൾ കുടിയ്ക്കുകയും പുകവലിക്കുകയും സംസാരിക്കുകയും ചെയ്യുന്നു. കാഴ്ചക്കാർക്കിടയിൽ ഏതാണ്ട് പുരുഷന്മാരോളം തന്നെ സ്ത്രീകളുമുണ്ട്. സ്പോർട്സ് പ്രേമികളുടേതായ ഒരു രാഷ്ട്രമാണ് റഷ്യ. അവിടത്തെ ജനസംഖ്യയിൽ അഞ്ചിലൊന്ന്, ഏകദേശം അഞ്ച് കോടിയോളം പേർ, ഏതെങ്കിലും സ്പോർട്സിൽ നേരിട്ടു പങ്കെടുക്കുന്നവരാണത്രെ. ചതുരംഗവും ഫുട്ബാളുമാണ് റഷ്യക്കാർക്ക് ഏററവും പ്രിയപ്പെട്ട കായികവിനോദങ്ങൾ. റഷ്യൻ ഫുട്ബാളിന്റെ തലസ്ഥാനമത്രെ മോസ്ക്വാനദിയിൽ വലിയൊരു പാർക്കിൽ സ്ഥിതി ചെയ്യുന്ന അതിവിശാലമായ ലെനിൻ സ്റ്റേഡിയം.

രണ്ടുവശത്തും, ഗോൾപോസ്ററുകൾക്കു പിന്നിൽ ഗാലറിയുടെ മുകളിലായി, വിദ്യുദ്ദീപാക്ഷരങ്ങൾ തെളിഞ്ഞു പ്രകാശിക്കുന്ന ഭീമാകാരങ്ങളായ സ്കോർബോർഡുകളുണ്ട്. സോവിയററ് യൂനിയന്റെ നാനാ ഭാഗങ്ങളിലും നടന്നുകൊണ്ടിരിക്കുന്ന ഫുട്ബാൾ മത്സരങ്ങളുടെ അപ്പപ്പോഴത്തെ പുരോഗതി ഈ ബോർഡുകളിൽ നോക്കിയാലറിയാം. തങ്ങളുടെ പ്രിയപ്പെട്ട ടീമുകൾ, അഞ്ഞൂറോ ആയിരമോ നാഴിക അകലെയുള്ള ഒരു ഫുട്ബാൾ ഗ്രൗണ്ടിൽ, എതിരാളികളെ കീഴടക്കി മുന്നേറുന്നതായി ഈ ബോർഡിലെ മാറി വരുന്ന അക്കങ്ങൾ സൂചിപ്പിക്കുമ്പോൾ, താഴെ ഗാലറികളിലിരിക്കുന്ന വമ്പിച്ച ആരാധകവൃന്ദം കൈകൊട്ടി ആഹ്ലാദം രേഖപ്പെടുത്തുന്നു.

ടോർപ്പിഡോ, സ്പാർത്താക്കസ്സ് എന്ന രണ്ടു ടീമുകൾ തമ്മിലുള്ള ഒരു മത്സരക്കളി കാണാനാണ് ഞങ്ങൾ ഈ സ്റ്റേഡിയത്തിൽ വന്നിരിക്കുന്നത്. ഇരുപത്തഞ്ച് ലക്ഷത്തോളം ഫുട്ബാൾ കളിക്കാരുള്ള റഷ്യയിൽ ഏററവുമധികം ജനപ്രിയമായ ഫുട്ബാൾ ക്ലബ്ബ് ''മോസ്കോ

ഡൈനാമോസ്'' ആണത്രെ. രണ്ടും മൂന്നും സ്ഥാനങ്ങൾ ടോർപ്പിഡോവിന്നും സ്പാർത്താക്കസ്സിന്നുമാണ്. വിശാലമായ ഗ്യാലറി നിറഞ്ഞിരിക്കുന്നതിൽ അത്ഭുതമില്ല.

ടോർപ്പിഡോക്കാരെ ചുകന്ന ഷർട്ടുകൊണ്ടും സ്പാർത്താക്കസ്സുകാരെ വെളുത്ത ഷർട്ടുകൊണ്ടും തിരിച്ചറിയാം. പരിശീലനക്കളി നിർത്തി രണ്ടു ടീമുകളും അവരുടെ സ്ഥാനങ്ങളിൽ പോയി നിന്നു. 7 മണിക്ക് കളി ആരംഭിച്ചു. റഷ്യയിൽ ഒന്നര മണിക്കൂർ നേരമാണ് ഒരു മാച്ച്. ഇടയ്ക്കു് കുറച്ചു സമയം വിശ്രമവുമുണ്ട്.

കളി ഏറെക്കുറെ ആദ്യം മുതൽ അവസാനംവരെ സ്പാർത്താക്കസ്സുകാർക്കെതിരായിട്ടായിരുന്നു. ടോർപ്പിഡോക്കാരുടെ ഗോൾകീപ്പർ ഒരു സാദ്ധ്യമനുഷ്യനാണ്. അയാൾ നീട്ടിയടിച്ചാൽ പന്ത് എതിർകക്ഷിയുടെ ഗോൾമുഖത്തെത്തും. സ്പാർത്താക്കസ്സുകാരുടെ ഗോളി പന്തെറിയുന്നതിലാണ് സാമർത്ഥ്യം പ്രകടിപ്പിച്ചിരുന്നത്.

യന്ത്രതുല്യമായ ടീംവർക്ക് ആണ് ആകർഷകമായിത്തോന്നിയ സംഗതി. വിയർക്കാതേയും കിതയ്ക്കാതേയും ക്ഷീണിക്കാതേയും തങ്ങൾക്കു നിശ്ചയിച്ച സ്ഥാനങ്ങളിൽ മുൻകൂട്ടി നിശ്ചയിച്ചുറപ്പിച്ച പദ്ധതിയനുസരിച്ചെന്ന പോലെ, ആയിരുന്നു കളി. ഓട്ടത്തിന്റെ വേഗവും കളിയുടെ ചലനാത്മകതയും അത്ഭുതാവഹമായിരുന്നുവെങ്കിലും, സൗമ്യമായ ഒരു ബാലേ നൃത്തത്തിന്റെ പ്രതീതിയാണ്, ഉഗ്രമായ ഒരു പോരാട്ടത്തിന്റെ ബോധമല്ല, ഈ കളി ഞങ്ങളിൽ ഉളവാക്കിയത്. ഈ സൗമ്യത റഷ്യൻ സർക്കസ്സിലും ഞാൻ കണ്ടതാണ്. കുട്ടികളോടെന്ന പോലെ ചിരിച്ചും കളിച്ചുമാണ് സർക്കസ്സിൽ അവർ മൃഗങ്ങളോട് പെരുമാറിയിരുന്നത്. ഫുട്ബാളിൽ ചിലപ്പോൾ കളിക്കാർ ഉരുണ്ടു വീഴാതിരുന്നില്ല. പക്ഷേ ഫൗളോ, കളിക്കാർക്ക് അംഗഭംഗമോ ഉണ്ടായില്ല.

കളിക്കാർക്കുള്ളതു പോലെ തന്നെ ബുദ്ധിശക്തിയും കളിയിൽ താൽപര്യവും പന്തിനും ഉള്ളതായി തോന്നി. ഉദ്ദേശിച്ച വഴിയിലൂടെ, ഉദ്ദേശിച്ച വിധത്തിൽ, പന്ത് പാഞ്ഞുപോവുകയും പറക്കുകയും വീണ് തെറിക്കുകയും അടങ്ങിക്കിടക്കുകയും നൃത്തം തത്തുകയും എല്ലാം ചെയ്തിരുന്നു. ജീവനുള്ള ഒരു വികൃതിക്കുട്ടി പോലെ തോന്നിച്ചു ആ പന്ത്.

സ്പാർത്താക്കസ്സുകാർക്കു് അഞ്ചു് ഗോൾ കിട്ടി. രണ്ടു ഗോൾ അവർ തിരിച്ചടിച്ചു. പരാജയത്തിലേക്ക് സ്പാർത്താക്കസ്സുകാർ നിശ്ചിതമായും, തിരിച്ചു വരാനാകാത്തവിധത്തിലും നീങ്ങിക്കൊണ്ടിരിക്കയാണെന്നു സ്പഷ്ടമായതോടെ, കളി അവസാനിയ്ക്കും മുമ്പു തന്നെ, ആദ്യമാദ്യം അവരെ കയ്യടിച്ച് പ്രോത്സാഹിപ്പിച്ചിരുന്ന വളരെയധികം പേർ ഗാലറികളിൽ നിന്നിറങ്ങി അവയ്ക്കടിയിലുള്ള പാസ്സേജുകളിലൂടെ പുറത്തേയ്ക്കു പോകുന്നതു കാണാമായിരുന്നു. തങ്ങളുടെ കക്ഷിയുടെ പരാജയം കാണാൻ എന്തിന് മുഷിഞ്ഞു കുത്തിയിരിയ്ക്കണം? ഉള്ള സമയം രസമുള്ള വല്ലതിന്നും ചിലവിട്ടു കൂടേ?

കളി അവസാനിക്കുന്നതിന്നു അഞ്ച്മിനിററു മുമ്പ് ഞങ്ങൾ പുറത്തേയ്ക്കു വന്നു. വിദേശികളെന്ന നിലയിൽ ഞങ്ങളുടെ കാർ സ്റ്റേഡിയത്തിന്റെ ഏററവും അടുത്തൊരിടത്ത് പാർക്കു് ചെയ്യാൻ പോലീസ്സുകാർ അനുവദിച്ചിരുന്നു. എന്നാലും, കളികഴിഞ്ഞു് പുറത്തേയ്ക്കൊഴുകുന്ന ആ മഹാജനപ്രവാഹത്തിൽ പെട്ടു പോയാൽ, ഉടനെയൊന്നും പുറത്തു കടക്കാൻ ഞങ്ങൾക്കു സാധ്യമാവുമായിരുന്നില്ല.

റഷ്യക്കാർ പൊതുവേ പൊളിററിക്സിൽ വിമുഖരാണ്. അവരുടെ ഏററവും വലിയ കമ്പം സ്പോർട്സാകുന്നു.

Phones: 2571-4 Telegram: "SUKHAVAS"

HOTEL RATNAGIRI

BOARDING & LODGING

ANNIE HALL ROAD

CALICUT-2